പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3760 19.02.2013-ൽ മറുപടിയ്ക്ക്

# നീന്തൽകുളങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജലാശയങ്ങളിലുണ്ടാകുന്ന ദുരന്തങ്ങൾ കണക്കിലെടുത്തും കായികക്ഷമതയുണ്ടാക്കുവാൻ പറ്റിയ വ്യായാമം എന്ന നിലയിലും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നടപ്പാക്കാൻ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സർക്കാരും സംയുക്ത തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടു ; എത്ര ശതമാനം വിദ്യാർത്ഥികൾക്കിതിന്റെ പ്രയോജനമുണ്ടായി ; വ്യക്തമാക്കുമോ ; | (ബി) പ്രാരംഭ നടപടി എന്ന നിലയിൽ എല്ലാ ജില്ലകളിലും നീന്തൽ പരിശീലകരെ നിയമിക്കാനും വേണ്ടത്ര നീന്തൽ പരിശീലകരുടെ അഭാവത്തിൽ ട്രൈനേഴ്സിനെ നിയമിച്ചുകൊണ്ട് ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ മേൽനോട്ടത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എത്ര ശതമാനം വിദ്യാർത്ഥികൾക്കിതിന്റെ പ്രയോജനമുണ്ടായി എന്ന് കണക്കാക്കിയിട്ടില്ല. |
| (സി) പരിശീലനത്തിനുള്ള നീന്തൽക്കുളങ്ങളുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി -സംസ്ഥാനത്തെ എട്ടു ജില്ലാ കേന്ദ്രങ്ങളിൽ '25 X 20' മീറ്റർസ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ വീതം 2 കോടി രൂപ ഗ്രാന്റായി നൽകണമെന്നു കാണിച്ചു കത്തെഴുതിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (സി) ഉണ്ട്. സർക്കാരിന് ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചത് 2010-11 സാമ്പത്തിക വർഷാവസാനം ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചില്ല. എന്നാൽ ആലപ്പുഴയിൽ നിലവിലുള്ള സ്വിമ്മിംഗ് പൂൾ നവീകരണ പ്രവർത്തനങ്ങൾ നടത്തി നീന്തൽ പരിശീലനത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വിമ്മിംഗ് പൂളുകൾ നിലവിലില്ലാത്ത കണ്ണൂരിലും കാസർഗോഡും 50 ലക്ഷം രൂപ ചെലവിൽ |

ഓരോ സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗെയിംസ് സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി യിരിക്കുകയുമാണ്.

സെക്ഷൻ ഓഫീസർ